കാളവണ്ടി

കേസരി ബാലകൃഷ്ണപിള്ള

കാളവണ്ടി
കേസരി ബാലകൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A looking out o'window, Sunshine, a painting by Laura Theresa Alma-Tadema (1852–1909). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

കാളവണ്ടി



ഹ്യൂ വാൽപോൾ

ഇംഗ്ലീഷ് ചെറുകഥയെഴുത്തിലെ സാമാന്യഗതി ഭാഷാ ചെറുകഥയെഴുത്തിലും കാണാമെന്ന് ഏറെക്കുറെ ശരിയായി പറയാം. ഒരു ചെറുകഥയ്ക്ക് ഒരു കഥ വേണം—അതായത്, സംഭവബാഹുല്യം, ചലനാത്മകത്വം, അപ്രതീക്ഷിതമായ ഗതി, പരമമുഹൂർത്തം മുതലായവകൂടി ഉണ്ടായിരിക്കണം—എന്നുള്ള പക്ഷക്കാരെ സാധാരണക്കാരായ വായനക്കാരുടെ ഇടയ്ക്കു മാത്രമല്ല, നല്ല സാഹിത്യനിരൂപകരായ ചിലരുടെ ഇടയ്ക്കുകൂടി ഈ 20-ാം ശതാബ്ദത്തിലും കാണാവുന്നതാണ്. ഹ്യൂ വാൽപോൾ, ഡെസ്മണ്ഡ് മക്കാർത്തി എന്നീ നിരൂപകരെ ഇവർക്ക് ഉദാഹരണങ്ങളായി പറയാം. ഈ മട്ടിലായിരുന്നു ആദ്യം ഇംഗ്ലീഷ് ചെറുകഥകളും, ഭാഷാചെറുകഥകളും രചിക്കപ്പെട്ടിരുന്നത്. ഇംഗ്ലണ്ടിൽ ഇതിന്റെ ഫലമായി സംസ്കൃതചിത്തരായ ജനങ്ങൾ മിക്കവാറും സമയംകൊല്ലികളായ ഇത്തരം ചെറുകഥകളിൽ താൽപര്യം കാണിക്കാതെ വന്നു. ചെറുകഥാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഇംഗ്ലണ്ടിലെ പുസ്തകപ്രസാധകർ വിമുഖരായി ഭവിക്കുകയും ചെയ്തു. ആദ്യത്തെ യൂറോപ്യൻ മഹായുദ്ധത്തിനു കുറെ മുമ്പുതൊട്ടു കാതറിൻ മാൻസ്ഫീൽഡ് മുതലായവർ മോപ്പസാങ്ങിന്റേയും ചെക്കോവിന്റേയും പിടിയിൽപ്പെട്ടു പ്രസ്തുത കഥയെഴുത്തു രീതിയിൽനിന്നു വിഭിന്നമായ ഒന്നിൽ ചെറുകഥയെഴുത്തു നടത്തിത്തുടങ്ങി. ഇവരുടെ രീതിയിൽ പ്ലാട്ടിന് ഒട്ടുംതന്നെ പ്രാധാന്യമുണ്ടായിരുന്നില്ല. വികാരം, ക്യാറക്ടർ, അന്തരീക്ഷം എന്നിവയ്ക്കാണ് ഇവർ പ്രാമുഖ്യം നൽകിയത്. ഇതു നിമിത്തം ഇംഗ്ലീഷ് ചെറുകഥകളോടുള്ള ജനപ്രീതി വർദ്ധിച്ചുവരുകയും, അവയുടെ കലാപരമായ മേന്മ അധികമായി ഭവിക്കുകയും ചെയ്തു. ഭാഷാ ചെറുകഥയെഴുത്തിൽ ഈ പരിവർത്തനം വരുത്തിയവരുടെ മുന്നണിയിൽ ശ്രീ: തകഴി ശിവശങ്കരപിള്ള -നില്ക്കുന്നു.



ചാറത്സ്ലാംബ്

ഭാവാത്മകത്വപ്രധാനമായ ഇത്തരം ചെറുകഥയെഴുത്തിനും ഇംഗ്ലീഷ് സാഹിത്യലോകത്തിൽ കാലക്രമേണ ഒരു കുറവു വന്നുതുടങ്ങി. ചെക്കോവിന്റേയോ, മോപ്പസാങ്ങിന്റേയോ, കാതറീൻ മാൻസ്ഫീൽഡിന്റേയോ, ക്യാറക്ടർ ബോധമോ, ഐറണിയോ, ആക്ഷേപഹാസമോ, സാത്വികഹാസമോ (ഹ്യൂമർ), ബഹിർദൃഷ്ടിയോ കൂടാതെ നിസ്സാരകാര്യങ്ങളുടെ അകത്തുള്ള സത്തുമാത്രം നുണഞ്ഞുകുടിക്കുന്ന രീതിമാത്രമായി ഇതു് ഇംഗ്ലീഷ് സാഹിത്യത്തിലും ഏറക്കുറെ ഒന്നുപോലെ അവിദഗ്ദ്ധരായ ഭൂരിപക്ഷം ചെറുകഥാകാരരുടെ കരങ്ങളിൽ അവശേഷിക്കുവാൻ തുടങ്ങി. ഇതിന്റെ ഫലങ്ങൾ ഇവരുടെ ഭാവനയുടെ നിർജ്ജീവത്വവും, അദൃഷ്ടപൂർവ്വകത്വശൂന്യതയും, സങ്കുചിതവീക്ഷണകോടിയും, വളർച്ചയില്ലായ്മയുമാണ്. ശോചനീയമായ ഈ സ്ഥിതിയിൽനിന്നു ഭാഷയിലെ ഭൂരിപക്ഷക്കാരായ കാഥികരും ഉണർന്നെഴുന്നേല്ക്കുന്ന പൊന്നുഷസ്സ് പിന്നീട് ആവിർഭവിച്ചു. ക്യാറക്ടർ ബോധം, ആക്ഷേപഹാസം, സാത്വികഹാസം, ഐറണി എന്നിവയേതെങ്കിലും ഒന്നിനോടുകൂടിയുള്ള ബഹിർദൃഷ്ടിയുടെ സാന്നിധ്യം കാണിക്കുന്ന കഥകൾ അനന്തരം ഉണ്ടായി. ഇതു സൂചിപ്പിക്കുന്ന വാസനാനുഗ്രഹിതരായ യുവകാഥികരാണ് മുന്നൊരു ലക്കത്തിൽ ഞാൻ നിരൂപണം ചെയ്തിരുന്ന 'തേൻമുള്ളുകളുടെ' കർത്താവായ ശ്രീ. പി. സി. കുട്ടികൃഷ്ണനും, പ്രകൃത ചെറുകഥാസമാഹാരത്തിന്റെ കർത്താവായ ശ്രീ. വള്ളത്തോൾ വാസുദേവമേനോനും.



ബ്രെറ്റ് ഹാർട്ട്

'പ്രത്യാഗമനം', 'ആണ്ടറുതിയായിട്ട്', 'വിവാഹത്തിന്നുശേഷം', 'ആക്ഷേപപ്പെട്ടി', 'വീട്ടിലും പുറത്തും', 'അച്ഛനും മകനും', 'കാളവണ്ടി' എന്നീ ഏഴു പരാജയപ്രസ്ഥാന ചെറുകഥകളുടെ ഒരു സമാഹാരമാണ് പ്രകൃതഗ്രന്ഥം. ഇവയിൽ 'പ്രത്യാഗമനം' എന്നതിൽ മാത്രം റൊമാന്റിക് സാങ്കേതികമാർഗ്ഗവും, ശേഷിച്ചവയിൽ റീയലിസ്റ്റ് സാങ്കേതികമാർഗ്ഗവും പ്രയോഗിച്ചിരിക്കുന്നു. 'പ്രത്യാഗമനം' 'ആക്ഷേപപ്പെട്ടി', 'അച്ഛനും മകനും', 'കാളവണ്ടി' എന്നിവ ശ്രേഷ്ഠകഥകളും, 'ആണ്ടറുതിയായിട്ട്' 'വിവാഹത്തിനുശേഷം', എന്നീ രണ്ടു നല്ല കഥകളും, ശേഷിച്ച 'വീട്ടിലും പുറത്തും' എന്നതു് ഒരു വെറും സാധാരണ കഥയുമാകുന്നു.



ബാരിപെയിൻ

'പ്രത്യാഗമനം' എന്ന കഥയുടെ വിഷയം ശ്രീ. കുട്ടികൃഷ്ണന്റെ 'തേന്മുള്ളുകളിലെ' 'നിലയ്ക്കാത്ത നിഷേധം', 'അവളുടെ ഭർത്തൃദുഃഖം' എന്നിവയുടെ വിഷയം തന്നെ—അതായതു്, ഇവിടത്തെ ബൂർഷ്വാക്കളിൽ പലരുടേയും ഇണജീവിതത്തിനുള്ള കൊള്ളരുതായ്മ. പക്ഷേ, കുട്ടികൃഷ്ണൻ തന്റെ കഥകളിൽ ഉഗ്രാക്ഷേപഹാസവുമാണ് പ്രയോഗിച്ചിരിക്കുന്നത്. അരിയും തിന്ന്, ആശാരിച്ചിയേയും കടിച്ചു എന്നുള്ള രീതിയിൽ, കൃഷ്ണമേനോനെക്കൊണ്ടു നാണിയമ്മയോടു തന്നെ വിവാഹം ചെയ്യാൻ സമ്മതമാണോ എന്നു ചോദിപ്പിച്ചിരിക്കുന്നതു നിമിത്തമാണ് പ്രകൃതഗ്രന്ഥകാരൻ തന്റെ കഥയെ ഉഗ്ര ആക്ഷേപഹാസമയമാക്കിച്ചമച്ചിരിക്കുന്നത്.



കാതറിൻ മാൻസ്ഫീൽഡ്

പരിതസ്ഥിതിയും സ്വഭാവവും തമ്മിലുള്ള പൊരുത്തമില്ലായ്മയും, പരിതസ്ഥിതിയുടെ അവസാനവിജയവും ചിത്രീകരിക്കുന്നവയും, ഈ ഗ്രന്ഥകാരന്റെ സകല കഥകളിലും വിവിധ അളവുകളിൽ കാണാവുന്ന ക്യാറക്ടർബോധം പ്രസ്പഷ്ടമാക്കുന്നവയുമായ രണ്ടു കഥകളാണ് 'ആണ്ടറുതിയായിട്ട്', 'വിവാഹത്തിന്നുശേഷം' എന്നിവ. 'തേന്മുള്ളുകളിലെ' 'ചിത്രകാരൻ' എന്ന കഥയുടേയും 'വിവാഹത്തിന്നുശേഷം' എന്നതിന്റേയും വിഷയം ഒന്നുതന്നെ. ശ്രീ. കുട്ടികൃഷ്ണന്റേതിൽ ലഘു ആക്ഷേപഹാസവും, ശ്രീ. മേനോന്റേതിൽ ലഘുസാത്വികഹാസവും കാണാം.



ചാറത്സ് ഡിക്കൻസ്

'ആക്ഷേപപ്പെട്ടി' 'അച്ഛനും മകനും' എന്നീ കഥകളിൽ ഇന്നത്തെ ഭാഷാ ചെറുകഥാകാരരിൽ വളരെ അപൂർവ്വമായി മാത്രം കാണുന്ന യഥാർത്ഥമായ സാത്വികഹാസം (ഹ്യൂമർ) കാണാവുന്നതാണ്. ഉഗ്ര ആക്ഷേപഹാസമോ, ചാറത്സ് ഡിക്കൻസ്, ബ്രെറ്റ് ഹാർട്ട് എന്നിവരുടെ കഥകളിൽ കാണാവുന്ന താഴ്ന്നതരം ബഹളപൂർണ്ണമായ സാത്വികഹാസമോ (ഫണ്ണോ) ആണ് ചിലപ്പോൾ ഭാഷാ ചെറുകഥാകാരരിൽ ചിലർ പ്രയോഗിക്കാറുള്ളത്. 'ആക്ഷേപപ്പെട്ടി' എന്ന കഥ ഈ സമാഹാരത്തിലെ ഏറ്റവും ശ്രേഷ്ഠമായ കഥയാണെന്നു ഞാൻ വിചാരിക്കുന്നു. 20-ാം ശതാബ്ദത്തിന്റെ പ്രാരംഭത്തിലെ സാത്വികഹാസ ചെറുകഥാകാരരുടെ മുന്നണിയിൽ നിന്നിരുന്ന ഇംഗ്ലീഷുകാരൻ ബാരിപെയിനെയാണ് ശ്രീ. വാസുദേവമേനോന്റെ സാത്വികഹാസകഥകൾ സാമാന്യമായി നമ്മെ സ്മരിപ്പിക്കുന്നത്. സാത്വികഹാസം എന്താണെന്നു 'തേന്മുള്ളുകൾ' നിരൂപണം ചെയ്തപ്പോൾ ജാർജ്ജ് മെറിഡിത്തിന്റെ വാക്കുകളിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. ഒരു യഥാർത്ഥ സാത്വികഹാസകാരന്റെ വീക്ഷണകോടി വിശദീകരിക്കുവാനായി ഒരു സാത്വിക ഹാസ ഉപന്യാസകാരനായിരുന്ന 19-ാം ശതാബ്ദത്തിലെ സുപ്രസിദ്ധ ഇംഗ്ലീഷുകാരൻ ചാറത്സ്ലാംബിനെപ്പറ്റി വാൾട്ടർ പേറ്റർ എന്ന നിരൂപകകേസരി പറഞ്ഞിട്ടുള്ളതു ചുവടെ ചേർക്കുന്നു:



ജാർജ്ജ് മെറിഡിത്ത്

"ഹോഗാർത്തിന്റെ (18-ാം ശതാബ്ദത്തിലെ ഒരു ഇംഗ്ലീഷുകാരൻ ചിത്രകാരൻ) 'വിടന്റെ പോക്ക്', 'പരിഷ്കാരമട്ടിലുള്ള വിവാഹം', എന്നീ ചിത്രങ്ങളിൽ വളരെ സുവ്യക്തമായി ചിത്രീകരിച്ചിരിക്കുന്ന പഴയ രീതിയിലുള്ള ജീവിതത്തിന്റേയും, പഴയ ഭവനങ്ങളുടേയും, പഴയ മട്ടിലുള്ള വസ്തുങ്ങളുടേയും, അവശിഷ്ടങ്ങളും, പഴയ ആചാരങ്ങളും പെരുമാറ്റങ്ങളും, നമ്മുടെ ഇന്നത്തെ രീതികളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, അവ എത്രയധികം സാധാരണങ്ങളും, മുഷിപ്പിക്കുന്നവയും, ഇതോടുകൂടിത്തന്നെ അവയുടെ ചിത്രോപമമായ സ്വാഭാവത്തിന്റെ ബോധവും നമ്മിൽ ജനിക്കാതെയിരിക്കുന്നില്ല. സ്വാഭാവികമല്ലെന്നു നമുക്കു തോന്നുന്ന ആചാരങ്ങൾ, ഇത്തരം വസ്തുങ്ങൾ, ഇത്തരം സാമാനങ്ങൾ—വച്ചു പരിപാലിച്ചു കൊണ്ടു പോകണമെന്നുള്ള വിചാരം കൂടാതെ ആകസ്മികമായി അവശേഷിക്കുന്ന പഴയ ഫാഷന്റെ മാതൃകകൾ—എന്നിവയെ, ഇവ കാലത്തിന്റെ യഥാർത്ഥസ്വരം ഉൾക്കൊള്ളുന്നതിനാൽ, കൂടുതൽ സംസ്കാരാത്മകവും ആത്മബോധപരവുമായ അവശിഷ്ടങ്ങൾക്കു സ്ഥാനഭ്രംശം വരുത്തുവാൻ പ്രായേണ അസാധ്യമാണെന്നുള്ള വീക്ഷണകോടിയിലൂടെ നാം സൗശീല്യത്തെ അതിക്രമിച്ച ഒരു മനോഭാവസഹിതം നിരീക്ഷിക്കാറുണ്ട്. ജീവപ്രകാശനങ്ങളുടെ രഹസ്യം നമുക്കു നല്കുന്നതിനാൽ, നാം സഹിഷ്ണുതാപൂർവ്വം നിരീക്ഷിക്കുന്ന വ്യക്തിചേഷ്ടകളെപ്പോലെയാണ് ഇവ. ഇത്തരം കാര്യങ്ങളിൽ നാം എല്ലാവരുംതന്നെ കുറെയൊക്കെ സാത്വികഹാസകാരരായി ഭവിക്കുന്നു. സമകാലീനകാര്യങ്ങളിൽ ഈ ചിന്താപരമായ ഭാവം പൂണ്ടുകയാണ് ഒരു യഥാർത്ഥ സാത്വികഹാസസാഹിത്യകാരൻ ചെയ്യുന്നത്. പഴയ കാര്യങ്ങൾ അവയുടെ ബാഹ്യവേഷം നിമിത്തം മാത്രം അവശേഷിക്കുമ്പോൾ, പില്ക്കാലതലമുറകളിലെ മനുഷ്യർ അവയെ മുകളിൽ പ്രസ്താവിച്ച സംസ്കൃതവും ശുദ്ധികൃതവുമായ വീക്ഷണകോടിയിലൂടെ സ്വാഭാവികമായി വീക്ഷിക്കാറുള്ളതുപോലെ, ഒരു യഥാർത്ഥസാത്വികഹാസസാഹിത്യകാരൻ കാര്യങ്ങളെ ദർശിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പ്രവർത്തനങ്ങളെ ആകമാനം സാധാരണ മനുഷ്യർക്കു സാധ്യമല്ലാത്ത രീതിയിലുള്ള വിശാലമായ ഗ്രഹണശക്തിപൂർവ്വം ദർശിക്കുകയും, ഒരു മട്ടിനെയോ, ബാഹ്യസ്വഭാവത്തേയോ, ഫാഷനേയോ, അതിനെ ജനിപ്പിച്ച ആദ്ധ്യാത്മിക പരിതസ്ഥിതിയോടു ഘടിപ്പിച്ചു സദാ നിരീക്ഷിക്കുകയും ചെയ്യുമ്പോൾ, ചാറത്സ്ലാംബിനെപ്പോലെയുള്ള ഒരു സാത്വികഹാസസാഹിത്യകാരൻ കാലത്തിന്റെ വിദൂരതയുടെ ഇന്ദ്രജാലത്തെ പൂർവ്വാസ്വാദനം ചെയ്യുന്നത്. സ്ഥലം, ശ്രേണി, ജീവിതശീലങ്ങൾ, എന്നിവയുടെ സ്വഭാവഘടകങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾത്തന്നെ, കാലത്തിനുമുമ്പായി കാവ്യാത്മകമായ പ്രകാശത്താൽ രൂപാന്തരപ്പെട്ടിരിക്കുന്നു."



ഹോഗാർത്ത്

പേറ്റർ ഭംഗിയായി വിവരിച്ചിട്ടുള്ള ഒരു യഥാർത്ഥ സാത്വിക ഹാസസാഹിത്യകാരന്റെ ദർശനകോടിയാണ് ശ്രീ. വാസുദേവമേനോൻ തന്റെ സാത്വിക ഹാസകഥകളിലും പ്രദർശിപ്പിച്ചിരിക്കുന്നത്. 'ആക്ഷേപപ്പെട്ടി' ചീനരുടെ സാത്വികഹാസത്തെ അധികമായി നമ്മെ സ്മരിപ്പിക്കുന്നു, 'എന്റെ നാടും എന്റെ നാട്ടുകാരും' എന്ന തന്റെ പ്രസിദ്ധ കൃതിയിൽ ലിൻയുടാങ്ങ് എന്ന ചീന സാഹിത്യകാരൻ ഇതിനെ ഇങ്ങനെ വിവരിച്ചിരിക്കുന്നു: "ചീനരുടെ ശവസംസ്കാര ഘോഷയാത്രകളിലുള്ള പ്രഹസനഘടകം മാതൃകാപരമാണ്. ഉയർന്ന തരക്കാരും ഇടത്തരക്കാരുമായ ഇന്നത്തെ ചീനരുടെ ആഡംബരബഹുലങ്ങളായ ശവസംസ്കാരഘോഷയാത്രകളിൽ, 'മുമ്പോട്ട്, ഓ, ക്രിസ്ത്യൻ ഭടന്മാരെ!' എന്നു വായിക്കുന്ന ബാൻഡുവാദ്യമേളത്തോടുകൂടി കസവുവച്ച വിവിധവർണ്ണങ്ങളോടുകൂടിയ ഗൗണുകളും ധരിച്ചു പോകുന്ന വൃത്തികെട്ട അങ്ങാടിപ്പിള്ളരെയും കാണാം. ചീനരുടെ സാത്വികഹാസരാഹിത്യത്തിന്നു തെളിവായി ഇതിനെ യൂറോപ്യന്മാർ പലപ്പോഴും ഉദ്ധരിക്കാറുണ്ട്. ചീനരുടെ ഒരു ശവസംസ്കാരഘോഷയാത്ര വാസ്തവത്തിൽ അവരുടെ സാത്വികഹാസസാഹിത്യത്തിന്റെ ഒരു ഉത്തമ സിംബളാണ്. യൂറോപ്യന്മാർ മാത്രമേ ഒരു ശവസംസ്കാരഘോഷയാത്രയെ ഗൗരവഭാവപൂർവ്വം പരിഗണിച്ച് അതിനെ ഗംഭീരമാക്കിച്ചമയ്ക്കുകയുള്ളൂ. ഗൗരവമായ ഒരു ശവസംസ്കാരഘോഷയാത്രയെപ്പറ്റി ഒരു ചീനനു വിചാരിക്കുവാൻപോലും സാധിക്കുന്നതല്ല... ഇത്തരം ഒരു ഘോഷയാത്ര തുല്യം ബഹളപൂർണ്ണവും അധികമായ പണചെലവുകളുള്ളതുമായിരിക്കണമെന്നതും, അതു ഗൗരവതരമായിരിക്കേണ്ടതില്ലെന്നുമാണ് ചീനർ വിചാരിക്കുന്നത്. ഗൗരവതരമെന്ന ഘടകം പ്രസ്തുത ആഡംബരമേറിയ ഗൗണുകളിൽ മാത്രം അടങ്ങിയിരുന്നാൽ മതി. ശേഷിച്ചതെല്ലാം ബാഹ്യാചാരവും പ്രഹസനവുമാണ്... ഇപ്രകാരം പ്രഹസനാത്മകങ്ങളായ ശവസംസ്കാരഘോഷയാത്രകൾ സിംബളൈസ് ചെയ്യുന്നതുപോലെ, ചീനരുടെ സാത്വികഹാസം കാര്യങ്ങളുടെ ബാഹ്യരൂപത്തോടുള്ള ആദരവിലും, അവയുടെ ആന്തരികമായ തത്വത്തിന്റെ വിഗണിക്കലിലുമാണ് സ്ഥിതിചെയ്യുന്നത്."



വാൾട്ടർ പേറ്റർ

പരിതസ്ഥിതിയും സ്വഭാവവും തമ്മിലുള്ള പൊരുത്തമില്ലായ്മയെ സാത്വികഹാസപൂർവ്വം വർണ്ണിച്ചിട്ടുള്ള ഒരു കഥയാണ് 'അച്ഛനും മകനും' എന്നതു്, 'കാളവണ്ടി' എന്ന ഒടുവിലത്തെ കഥയിൽ ഐറണിയുടെ പ്രയോഗം കാണാം. നാട്ടിലെ ഗണികയായ 'ദമയന്തി' ആയിക്കൊള്ളൂ എന്നു പറഞ്ഞു ആക്ഷേപിക്കുന്ന അവളുടെ തള്ള ആ 'ദമയന്തി'യുടെ കാമുകരിൽ ഒരുത്തനായ കണാരനോടു മകളെ 'കൂട്ടിവിട്ടുന്ന'തിലാണ് ഈ കഥയിലെ ഐറണി സ്ഥിതിചെയ്യുന്നതു്. കോൺസെൻട്രേഷൻ, പ്രകൃതിലാവണ്യബോധം എന്നീ ഘടകങ്ങളും വാസുദേവമേനോന്റെ കഥയെഴുത്തിൽ കാണാം. പ്രസന്നമാണ് ഇദ്ദേഹത്തിന്റെ ഭാഷാരീതി.

ഗ്രന്ഥകർത്താ: വള്ളത്തോൾ വാസുദേവമേനോൻ (വള്ളത്തോൾ വാസുദേവമേനോന്റെ ചെറുകഥയ്ക്ക് കേസരി ബാലകൃഷ്ണപിള്ള എഴുതിയ നിരൂപണം.)

□

കേസരി ബാലകൃഷ്ണപിള്ള



പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്നു കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാനൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കടിപ്പള്ളിക്കുടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ചു വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-ന് സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-ന് സമദർശിയുടെ പത്രാധിപത്യം രാജി വെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-ന് പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-ന് ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-ന് തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-ന് കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യുളിസസ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പതു് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: മധുസൂദനൻ
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014